സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 53-60

പാലൈ
PALAI பாலை
ISSN No: 3049-0316



# ദളിത് സ്വത്വ പ്രതിനിധാനം ആദ്യകാല മലയാള നോവലിൽ



**മനോഷ് മനോഹരൻ* & ഡോ. ബിന്ദു കെ.ഡി.****

**സംഗ്രഹം**

പത്തൊൻപതാം നൂറ്റാണ്ടിലെ മലയാളനോവൽ സാഹിത്യം പൊതുവെ വിലയിരുത്തപ്പെടുന്നതുപോലെ ഏകശിലാ നിർമ്മിതി ആയിരുന്നില്ല. വരേണ്യജീവിത പരിസരങ്ങളെ അടയാളപ്പെടുത്തിയ, 'ഇന്ദുലേഖ' ഉൾപ്പെടെയുള്ള മുഖ്യാധാരാകൃതികൾക്ക് സമാന്തരമായി, ദളിത് കീഴാളജീവിതത്തെ കുറിച്ചും ജാതീശ്രേണീ വ്യവസ്ഥിതിയിൽ അധിഷ്ഠിതമല്ലാത്ത ഒരു ബദൽ സാമൂഹികക്രമത്തെ കുറിച്ചും സംവദിക്കുന്ന നോവലുകളുടെ ഒരു ധാരയുണ്ട്. ക്രിസ്ത്യൻ മതപരിവർത്തന പ്രസ്ഥാനത്തോടു ചേർന്നുനിന്നുകൊണ്ട് കീഴാള പരിപ്രേക്ഷ്യത്തിൽ എഴുതപ്പെട്ട അത്തരം നോവലുകളാണ് മിഡിഡ് ഫ്രാൻസിസ് റൈറ്റ് കോളിസിന്റെ 'ഘാതകവധം' (1877) ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേലികുഞ്ചു' (1882) പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതിവിജയം' (1892) എന്നിവ. ഈ കൃതികളുടെ പഠനത്തിലൂടെ പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക വ്യവസ്ഥയെ കുറിച്ചും കീഴാള അവബോധത്തെ സൂചിപ്പിക്കുന്ന ആ കാലഘട്ടത്തിലെ ചില ചരിത്ര സംഭവങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള ഉൾക്കാഴ്ച വായനക്കാരന് ലഭിക്കുന്നു.

മുഖ്യധാരാ സാഹിത്യചരിത്രങ്ങളിൽ വേണ്ടവിധം പരിഗണിക്കപ്പെടാതെപോയ ഈ നോവലുകൾ, ആധുനികകാലത്താണ് ആഴത്തിലും പരപ്പിലുമുള്ള പഠനത്തിനു വിധേയമാകുന്നത്. ഈ കൃതികളെ കൂടുതൽ വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരുന്നതിൽ പ്രൊഫസർ ജോർജ്ജ് ഇരുമ്പയത്തിന്റെ രണ്ട് ഗവേഷണഗ്രന്ഥങ്ങൾക്ക് നിസ്തുലമായ പങ്കുണ്ട്. പില്ക്കാലത്ത് ദിലീപ് മേനോൻ, പി. സനൽ മോഹൻ, പ്രദീപൻ പാമ്പിരിക്കുന്ന്, എ.റ്റി. മോഹൻരാജ്, എൻ. സന്തോഷ്കുമാർ, എസ്.എസ്. ശ്രീകുമാർ തുടങ്ങിയവരുടെ പഠനങ്ങളും ഈ സമാന്തരധാരയിലേയ്ക്ക് വെളിച്ചം വീശുന്നവയാണ്.

**താക്കോൽ വാക്കുകൾ:** ആദ്യകാല മലയാളനോവൽ (1982), മലയാള നോവൽ നൂറ്റാണ്ടിൽ (1984)

---

* അസിസ്റ്റന്റ് പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, The School of EGCS, Chinmaya Vishwa Vidyapeeth (Deemed to be University), Ernakulam, Mob: 9544060505.

** അസ്സോസിയേറ്റ് പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, ഗവ. കോളേജ് തൃപ്പൂണിത്തുറ. Mob: 6238205890

 ISSN No: 3049-0316 

**ഘാതക വധം**

പൊതുവെ വിലയിരുത്തപ്പെടുന്നതിൽനിന്നു വിഭിന്നമായി ക്രിസ്തുമതപ്രചരണത്തിനു വേണ്ടി എഴുതപ്പെട്ട നോവൽ എന്നതിലുപരി, പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ വിമോചന ദൈവശാസ്ത്രത്തെ ഉയർത്തി പിടിക്കുന്നതും കേരളത്തിൽ നിലവിലിരുന്ന പരമ്പരാഗത സുറിയാനി ചർച്ചിന്റെ ജാതിസന്ധിതമായ കാഴ്ചപ്പാടുകളെ പ്രശ്നവല്ക്കരിക്കുന്നതുമായ ഒരു സാംസ്കാരിക ഉല്പന്നമാണ് 'ഘാതകവധം'. തുടക്കത്തിൽ തന്നെ കോശി കുര്യൻ എന്ന സുറിയാനി ക്രിസ്ത്യൻ ജന്മിയെ വളരെ നിഷ്ഠുരനായി അവതരിപ്പിക്കുന്നതിലൂടെ നോവലിസ്റ്റ് തന്റെ കത്തോലിക്ക പ്രൊട്ടസ്റ്റന്റ് അജണ്ട വെളിവാക്കുന്നു. സാബത്ത് അനുഷ്ഠിക്കാനായി ഞായറാഴ്ച കൃഷിപ്പണിയിൽനിന്നു മാറിനില്ക്കുന്ന പരിവർത്തിത ക്രിസ്ത്യാനികളായ അടിമജാതിക്കാരെ കോശി കുര്യൻ മർദ്ദിക്കുന്നു. ഈ ഭാഗത്ത് ഒരു കുഞ്ഞിന്റെ കൊലപാതകം ചിത്രീകരിക്കപ്പെടുന്നുണ്ട്. പൗലുസ എന്ന കുടിയാന്റെ കൊച്ചുമകനാണ് നിഷ്ഠുരമായി കൊല്ലപ്പെടുന്നത്. അങ്ങനെയാണ് കോശി കുര്യൻ ഘാതകനായി മാറുന്നത്. അയാളുടെ മകൾ മറിയത്തിനെ പുഴയിൽനിന്നു രക്ഷിക്കുന്നതിലൂടെ പൗലുസ നന്മകൊണ്ട് പകരം വീട്ടുന്നു. ഇരയുടെ നന്മ ഘാതകനിലെ തിന്മ വധിക്കുന്നു. 'ഘാതകവധം' എഴുതപ്പെട്ട കാലഘട്ടത്തിലെ ചില സവിശേഷതകളെയും സംഭവങ്ങളെയും യാഥാർത്ഥ്യബോധത്തോടെ അടയാളപ്പെടുത്താനുള്ള നോവലിസ്റ്റിന്റെ ഉദ്യമം ഈ കൃതിക്ക് ഒരു ചരിത്രരേഖയുടെ മാനം കല്പിച്ചു കൊടുക്കുന്നുണ്ട്. പ്രൊഫ. ജോർജജ് ഇരുമ്പയം നിരീക്ഷിക്കുന്നു.

> '19 ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ആംഗ്ലിക്കൻ മിഷനറിമാർ പുലയരെ ക്രിസ്തുമതത്തിൽ ചേർക്കാൻ തുടങ്ങിയതും ആംഗ്ലിക്കൻ-സിറിയൻ സംഘട്ടനങ്ങൾ നടന്നതും ആംഗ്ലിക്കൻ സഭയിൽ ചേർന്ന ചില സുറിയാനിക്കാർ തിരിച്ചുവന്നതും മറ്റുമായ ചരിത്രസംഭവങ്ങളുടെ പ്രതിഫലനവും അക്കാലത്തെ പുലയരുടെയും സുറിയാനിക്കാരുടെയും യഥാർത്ഥമായ ജീവിതചിത്രങ്ങളും ഇതിൽ കാണാം.' (ആദ്യകാല മലയാള നോവൽ 23)

നോവലിലെ പ്രൊട്ടസ്റ്റന്റ് അജണ്ടയുടെ അരികു പറ്റി, ആ കാലഘട്ടത്തിലെ മദ്ധ്യ തിരുവിതാംകൂറിലെ പുലയരുടെ ജീവിതത്തിന്റെ ചില വശങ്ങൾ ചരിത്രരേഖയായി മാറുന്നു എന്നതാണ് ഇവിടെ പ്രസക്തം.

പൗലുസയെയും കുടുംബത്തെയും കൂടാതെ പ്രാർത്ഥനാസംഘത്തിലെ സഹദളിത് ക്രിസ്ത്യാനികളെയും അടയാളപ്പെടുത്തുന്നതിലൂടെ, കീഴാളജീവിതത്തിന് ചെറുതല്ലാത്ത പ്രാതിനിധ്യം നല്കുകയാണ് നോവലിസ്റ്റ്. ഹൈന്ദവമതത്തിലെ ജാതിവിവേചനത്തിൽനിന്നു രക്ഷപ്പെടുന്നതിന് ഉപരിയായി, ബൈബിൾ വചനങ്ങളിൽ ആകൃഷ്ടരായാണ് മതപരിവർത്തനത്തിന് അയിത്തജാതിക്കാരായ കീഴാളർ തയ്യാറാകുന്നത് എന്ന നോവലിസ്റ്റിന്റെ അവകാശവാദം ചരിത്രപരമായി വസ്തുതാപരമല്ലെങ്കിലും ഇപ്രകാരം ക്രിസ്തുമതത്തിലേക്കു വരുവാൻ തയ്യാറാകുന്ന അടിമജാതികളുടെ ജീവിതത്തിലും പ്രത്യേകിച്ച് മനോഘടനയിലും ഉണ്ടാകുന്ന മാറ്റങ്ങളെ സൂക്ഷ്മമായി രേഖപ്പെടുത്തുന്നതിൽ ഈ കൃതി വിജയിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ നന്മകളെ ഉദ്ധരിക്കാനായാണ് മതപരിവർത്തനത്തിനു ശേഷമുള്ള പൗലുസയുടെയും കുടുംബത്തിന്റെയും ആത്മീയമാറ്റത്തെ നോവലിസ്റ്റ് അനാവരണം ചെയ്യുന്നത് എന്ന വസ്തുത വിസ്മരിക്കാനാവില്ല.

> 'ജാതിയുടെ പ്രാധാന്യമില്ലാത്ത ക്രിസ്തുമതത്തിൽപോലും സുറിയാനി സഭയിൽ ജാതിവിവേചനവും അടിമത്തവും നിലനില്ക്കുന്നതും പ്രൊട്ടസ്റ്റന്റ് വിശ്വാസികളായ LMS, CMS മിഷനറിമാർ തങ്ങളുടെ സഭകളിലെ ഈ ജാതീയവിവേചനത്തിനും അടിമക്കച്ചവടത്തിനുമെതിരേ മനുഷ്യമഹത്യത്തിലൂന്നിനിന്ന് പങ്കാളികളാകുന്നതുമാണ് ഇവിടെ പ്രകടമായ കഥാതന്തു' (എസ്.എസ്. ശ്രീകുമാർ 35).

സമത്വത്തിനു വേണ്ടിയോ ജാതിവ്യവസ്ഥയ്ക്ക് എതിരെയുള്ളതോ ആയ നേരിട്ടുള്ള പ്രതികരണമായിരുന്നില്ല സാബത്ത് അനുഷ്ഠിക്കാനുള്ള പൗലുസയുടെയും കൂട്ടരുടെയും താല്പര്യപ്രകടനം. ക്രിസ്ത്യാനി ആയി മാറിയ ഒരു ദളിതന്റെ പുതിയ സ്വത്വബോധത്തിന്റെ വിത്തുപൊട്ടലായി വേണം ഇതിനെ കാണാൻ. പൂർണ്ണമായും ക്രിസ്ത്യൻ മതപരിവർത്തനക്രിയയോട് ബന്ധപ്പെട്ടുണ്ടായ ഒരു

സാമൂഹികചലനമായിരുന്നു അത്. മതപരിവർത്തനപ്രസ്ഥാനങ്ങളുടെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലുകൾ, നിലവിലുള്ള സാമൂഹികക്രമത്തിലും ജാതിവ്യവസ്ഥയിലും എങ്ങനെ മാറ്റങ്ങൾ കൊണ്ടുവന്നു എന്നു പ്രതിപാദിക്കാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്.

അങ്ങിങ്ങു പരാമർശിക്കപ്പെടുകയും ചുരുക്കം സന്ദർഭങ്ങളിൽ രംഗത്തുവരികയും ചെയ്യുന്ന പൗലൂസ, കർതൃസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്നത് ഈ നോവലിന്റെ പകുതിയോടെയാണ് എന്ന വസ്തുത ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്. വഞ്ചിയപകടത്തിൽപെട്ട് മുങ്ങിത്താഴുന്ന മറിയത്തിനെ രക്ഷിച്ച ശേഷം അവളുടെ പിതാവും തന്റെ ജന്മിയുമായ കോശി കുര്യനോട് അയാൾ പറയുന്ന കനമേറിയ വാക്കുകളിലൂടെയാണ് അത്.

> 'നീ എന്റെ കുഞ്ഞിനെ കൊന്നു. ഞാനോ, നിന്റേതിനെ രക്ഷിച്ചിരിക്കുന്നു. നമ്മൾ ഇപ്പോ സമന്മാരായി.' (ഘാതകവധം 61).

നോവലിന്റെ തുടക്കത്തിൽ 'ആത്മാവോ? പുലയുനുണ്ടോ ആത്മാവുള്ളൂ?' (36)

എന്നു കോശി കുര്യൻ ആക്രോശിക്കുന്നുണ്ട്. ഈ വാക്കുകളോട് ചേർത്തുവെക്കുമ്പോൾ പൗലൂസയുടെ മുൻപറഞ്ഞ വാചകങ്ങൾക്ക് കൂടുതൽ പ്രസക്തി കൈവരുന്നു.

കൊച്ചുമകന്റെ കൊലപാതകത്തെ തുടർന്ന് പൗലൂസ കടുത്ത വേദനയും അമർഷവും പ്രകടിപ്പിക്കുന്ന സന്ദർഭമുണ്ട്. മതപരിവർത്തനത്തിലൂടെ സ്വായത്തമായ വ്യക്തിബോധത്തിന്റെ അനുരണനമായി ആ പ്രതികരണത്തെ കാണാം. അയാളുടെ ദൃഢനിശ്ചയത്തെ കുറിക്കുന്ന ആ വാക്കുകൾ ഇപ്രകാരമാണ്.

> എന്നാൽ ഇപ്പോൾ അതിനൊക്കെയും കൂലിയായിട്ടു ഇനിക്കു കിട്ടിയിരിക്കുന്നത് എന്തു? ഈ വൃദ്ധനായ ഞാൻ രണ്ടു പ്രാവശ്യം അടികൊണ്ടു. എന്റെ വയസ്സുകാലത്തെ സന്തോഷം ഒരു മാത്രകൊണ്ടു എന്നന്നേക്കുമായിട്ടു എന്നിൽനിന്നു പൊയ്പോയി. എന്നാൽ ഇപ്പോൾ ഞാൻ തീർത്തു പറയുന്നു എന്റെ ഈ കൈ ഇനിയും ഒരിക്കലും നിങ്ങൾക്ക് വേലയെടുക്കില്ല. തന്റെ ചോറിനിയുമൊരുനാളും ഞാൻ ഉണ്ണുകയുമില്ല, ഇപ്പോൾ ഞാൻ പോകുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ തിരിച്ച ദൈവം കഠിനക്കാരനായ ഞങ്ങളുടെ യജമാനന്റെ മനസിനെ അറിയിക്കുന്നതുവരെ നമ്മൾ തമ്മിൽ കാണുകയുമില്ല. ഇതാ ഞാൻ പോകുന്നു. (39)

ഈ 'ധിക്കാരത്തിനുള്ള പ്രതികാരമായാണ് കോശികുര്യൻ വൃദ്ധനായ പൗലൂസിനെ നട്ടവെയിലത്തു തലയ്ക്ക് ഒരു ചൂടലും കൂടാതെ വെള്ളത്തിൽ പൂട്ടിയിട്ട് ക്രൂരമായി മർദ്ദിച്ച് ശിക്ഷിക്കുന്നത്.

ഇത്തരത്തിൽ ദളിത് ജീവിതത്തിലേക്കുള്ള എത്തിനോട്ടങ്ങൾ ആവിഷ്കരിക്കുമ്പോഴും മതപരിവർത്തനവുമായി ബന്ധപ്പെട്ട പ്രൊട്ടസ്റ്റന്റ് ആശയങ്ങൾക്കാണ് നോവലിസ്റ്റ് ഊന്നൽ നല്കുന്നത്. എസ്. എസ്. ശ്രീകുമാർ നിരീക്ഷിക്കുന്നതുപോലെ,

> 'ഞായറാഴ്ച പ്രാർത്ഥിക്കണമെന്ന ലഘുവായ കാര്യത്തിലൊഴികെ വർഗപരമായി തങ്ങൾനേരിടുന്ന അടിച്ചമർത്തലുകളുടെ കാര്യത്തിൽ അവരെല്ലാം (നോവലിലെ ദളിത് കഥാപാത്രങ്ങൾ) നിശബ്ദരാണ്. ദൈവസ്നേഹമില്ലായ്മ ദൈവസ്നേഹം എന്ന വിപരീതദ്വന്ദത്തിൽ രണ്ടാമത്തേതു സ്വീകരിക്കുക എന്ന ലക്ഷ്യമേ പുലയർക്ക് നിർഹിക്കാനുള്ളൂ എന്ന് കൊളോണിയൽ രാഷ്ട്രീയത്തിനിണങ്ങിയ വണ്ണം സ്ഥാപിക്കുകയാണ് നോവലിസ്റ്റ്' (ഭാവനയുടെ കോളനികൾ 43).

മേൽ സൂചിപ്പിച്ച പോരായ്മകൾ ഉണ്ടെങ്കിലും, മലയാളത്തിലെ ആദ്യകാല നോവൽ എന്നോ നോവലിന്റെ പ്രാഗ്‌രൂപം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു കൃതിയിൽ തന്നെ ദളിതന് കർത്തൃത്വം കൈവരുന്നു എന്നത് സവിശേഷപ്രാധാന്യം അർഹിക്കുന്ന വസ്തുതയാണ്.

സാബത്ത് ദിവസം പണിയെടുക്കാൻ വിസമ്മമതിക്കുകയും പിന്നീട് കോശി കുര്യനു വേണ്ടി ഇനി മേലാൽ പണിയെടുക്കുകയില്ല ദൃഢനിശ്ചയമെടുക്കുകയും ചെയ്യുന്ന പൗലൂസയെ കോശികുര്യൻ

 ISSN No: 3049-0316


മൃഗീയമായി മർദ്ദിക്കുന്നതിന് സമാനമായ കാഴ്ചകൾ 'പുല്ലേലി കുഞ്ചു'വിലും 'സരസ്വതി വിജയ'ത്തിലും ഉണ്ട്. കീഴാള ജനവിഭാഗം നേരിട്ട പൈശാചികമായ അടിച്ചമർത്തലുകളെ അടയാളപ്പെടുത്തി എന്നതാണ് ഈ ആദ്യകാല നോവലുകൾ നിർഹിച്ച മറ്റൊരു പ്രധാന സാമൂഹിക ഉത്തരവാദിത്തം, അത്തരം ചരിത്രയഥാർത്ഥ്യങ്ങൾക്ക രേഖീയമാനം നല്കുന്നതിലൂടെയാണ് പ്രസ്തുത നോവലുകൾ കാലികപ്രസക്തിയുള്ളതായി മാറുന്നത്.

മുഖ്യധാരാ ചരിത്രഗ്രന്ഥങ്ങൾക്കുപരി, ക്രിസ്ത്യൻ മതപരിവർത്തനത്തെ സംബന്ധിച്ച് മേൽപ്രസ്താവിച്ച സാഹിത്യരേഖകളിൽ കീഴാളൻ നേരിട്ട യാതനകൾ പരാമർശിക്കപ്പെടുന്നത് യാദൃശ്ചികതയല്ല. ക്രിസ്ത്യൻ മതപ്രഘോഷണത്തിൽ അടിവേരുകളുള്ള ആദ്യകാല മലയാള നോവലുകളിൽ അത്തരം ചരിത്രവസ്തുതകൾ ധാരാളമായി കടന്നുവരുന്നത് സ്വാഭാവികമായ ഒരു പരിണിതിയാണ്. ദളിത് കീഴാള വിഭാഗങ്ങൾ നേരിട്ട മനുഷ്യത്വമില്ലാത്ത ക്രൂരതകളെക്കുറിച്ച് സൂചിപ്പിക്കുന്നതിലൂടെ 'ഘാതകവധം' വരേണ്യ സുറിയാനി സഭയിലെ ജാതിബോധത്തെ വിചാരണ ചെയ്യുമ്പോൾ 'പുല്ലേലികുഞ്ചു' സരസ്വതീവിജയം' എന്നീ നോവലുകൾ ഹിന്ദുമതത്തിലെ ജാതി അധിഷ്ഠിതമായ സമൂഹ വ്യവസ്ഥിതിയുടെ ക്രൂരതകളെ തുറന്നുകാണിക്കുന്നു. മൂന്നു കൃതികളും ജാതിവ്യവസ്ഥയെ നിശിതമായി വിമർശിച്ചുകൊണ്ടാണ് നിലവിലിരുന്ന അസമത്വത്തിൽ അധിഷ്ഠിതമായ സാമൂഹികഘടനയിൽ പുനഃക്രമീകരണത്തിനു ശ്രമിക്കുന്നത്. ഈ വസ്തുതയാണ് ആദ്യകാല മലയാള നോവലുകളുടെ പുരോഗമനപരമായ വശം.

**പുല്ലേലികുഞ്ചു**

'ഇന്ദുലേഖ'യിലെ 18 ാം അദ്ധ്യായം പോലെ സംവാദത്തിന്റെ രൂപത്തിലുള്ളതാണ് 'പുല്ലേലികുഞ്ചു' എന്ന നോവലിന്റെ ആദ്യ രണ്ട് അദ്ധ്യായങ്ങൾ.

മൂന്നാമത്തെയും അവസാനത്തെയും അദ്ധ്യായം ക്രിസ്തുമതത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ സുവിശേഷാഖ്യാനം തന്നെയാണെന്ന് പറയാം. ഉല്പതിഷ്ണുവായ കുഞ്ചു എന്ന നായർ യുവാവും ജാതിവ്യവസ്ഥയെയും ഹിന്ദുമതത്തെയും പ്രതിരോധിക്കുന്ന കൈതകപ്പെള്ളിൽ രാമപ്പണിക്കരും തമ്മിൽ ക്രിസ്തുവേദപ്രചാരകനായ ആഖ്യാറാവിന്റെ സാന്നിധ്യത്തിലാണ് നോവലിലെ സംവാദം.

പ്രൊഫസർ ജോർജ്ജ് ഇരുമ്പയം നിരീക്ഷിക്കും പ്രകാരം,

> പത്തൊൻപതാം നൂറ്റാണ്ടിലെ നാനാജാതിക്കാരായ തിരുവിതാംകൂറുകാരുടെ ജീവിതം, വിശേഷിച്ചും പുലയരുടെ ദൈന്യം യഥാർത്ഥമായി ചിത്രീകരിക്കാനും, രാമപ്പണിക്കർ, നമ്പൂതിരി, ശാമു അണ്ണാവി എന്നീ വ്യത്യസ്തസ്വഭാവമുള്ള കഥപാത്രങ്ങളെ സൃഷ്ടിക്കാനും കഴിഞ്ഞു എന്നതാണ് ആർച്ച് ഡീക്കൻ കോശിയുടെ നേട്ടം.
>
> ....പുലയരോടും അതുപോലുള്ള താഴ്ന്നജാതിക്കാരോടും എത്ര നീചമായാണ് ഉയർന്ന ജാതിക്കാർ പെരുമാറിയിരുന്നതെന്ന വിശ്വാസ്യമാംവിധം ചിത്രീകരിക്കാനും കോശിക്കു കഴിഞ്ഞിട്ടുണ്ട്. പുലയൻ പൗലൂസിന്റെ ജീവിതകഥ പ്രമേയമായെടുത്തിട്ടുപോലും ആ വിഭാഗക്കാരുടെ ദൈന്യം ഇത്ര ഹൃദയസ്പർശമായി ആവിഷ്ക്കരിക്കാൻ മിസിസ് കോളിൻസിനു കഴിഞ്ഞില്ല.
>
> (മലയാള നോവൽ 19 ാം നൂറ്റാണ്ടിൽ 58)

കീഴാളരായ കഥാപാത്രങ്ങൾ ആരും തന്നെ ഇല്ലാത്ത ഈ കൃതിയിൽ ആ ജനവിഭാഗത്തിന് പരാമർശങ്ങളിലൂടെയും ചരിത്രസൂചനകളിലൂടെയും പ്രാതിനിധ്യം കൊടുക്കുകയാണ് നോവലിസ്റ്റ്.

ജാതിവ്യവസ്ഥയെയും വിഗ്രഹാരാധനയെയും വിമർശിച്ചുകൊണ്ട് ക്രിസ്തുമതത്തെകുറിച്ച് ഉദ്ഘോഷിക്കുന്ന ഒരു ക്രിസ്ത്യൻ മിഷനറി രേഖ എന്നതിനപ്പുറം, കീഴാളജനവിഭാഗത്തിലെ അടിമജാതിക്കാർ നേരിട്ട ക്രൂരമർദ്ദനങ്ങളുടെ വിവരണവും, ചാതുർവർണ്യത്തിനു നേരേയുള്ള കടന്നാക്രമണവും, ചാന്നാർ ലഹളയെക്കുറിച്ചുള്ള പരാമർശവും നോവലിനു ചരിത്രപരമായ പ്രാധാന്യം നൽകുന്നുണ്ട്. നോവലിൽ കുഞ്ചു വിവരിക്കുന്ന ഒരു കൂട്ടം പുലയർ പൊതുവഴിയിൽ നേരിട്ട മൃഗീയ പീഡനത്തെ മുൻനിർത്തി പ്രൊഫ. പി. സനൽ മോഹൻ നടത്തുന്ന നിരീക്ഷണം ശ്രദ്ധാർഹമാണ്.

 ISSN No: 3049-0316 

'നോവലിൽ വിവരിക്കുന്ന ഈ കഥ യഥാർത്ഥത്തിൽ നടന്നതു തന്നെയാണ്.

പത്തൊൻപതാം നൂറ്റാണ്ടിലെ മിഷനറി രേഖകളിൽ ഇത്തരത്തിലുള്ള ഹിംസയുടെ ആഖ്യാനങ്ങൾ ഏറെയാണ്. (ഭാവനയുടെ കോളനികൾ 54).

അയാളുടെ ജീവിതത്തിലെ അന്ധമായ ജാത്യാചാരത്തിന്റെ പൂർവനാളുകളിൽ ഒരു മനഃസാക്ഷിക്കുത്തുമില്ലാതെ പങ്കെടുക്കേണ്ടിവന്ന ആ കൊടിയ ക്രൂരതയെക്കുറിച്ച് കുഞ്ചുവിന്റെ പശ്ചാത്താപം കലർന്ന ഓർമ്മകൾ ഇപ്രകാരമാണ്.

> കന്നിതുലാമാസം കാലമായിരുന്നു. അപ്പോൾ കിഴക്കു നിന്ന് മലങ്കൊയിത്തും കഴിഞ്ഞു പുട്ടലിലും പൊല്പങ്ങളിലും നെല്ലു കെട്ടി എടുത്തും കൊണ്ടും കുറെ പുലയർ ചുമടുതാങ്ങിയിങ്കൽ ഇളെപ്പാനായിട്ടു അമാളിച്ചു ഓടി വരുന്നുണ്ട്. കീടാങ്ങളടക്കം അവർ മുപ്പതു നാല്പതു എണ്ണം ഉണ്ടായിരുന്നു. വഴിക്കു ഇരുപുറവും നല്ല കാടാകകൊണ്ടു അവരും ഞങ്ങളും തമ്മിൽ കാൺമാൻ ഇടവരാതെ അവർ വന്നനന്നായി അടുത്തുപോയി. ഞങ്ങളെ കണ്ട ഉടനെ കടുവായെ കണ്ട പശുക്കളെപോലെ എല്ലാം കൂടെ വിരണ്ടു നിലവിളിച്ചുകൊണ്ടു തിരിച്ചു ഓടി. ഉടനെ 'പിടിച്ചോളിൻ' എന്നു ഒട്ടേരി കൽപിച്ചു. പപ്പു മുതൽ പേരും പുറകെ എത്തി, ആ പുലയരിൽ എട്ടൊൻപതു മാസം ഗർഭമുള്ള ഒരു പുലയി ഉണ്ടായിരുന്നു. അവളും ചില കീടാങ്ങളും പിറകായിപ്പോയി, അടിയോട്ടിൽ പപ്പു ഓടിച്ചെന്ന ചെലവിൽ ഒരു പുലക്കിടാവിനെ തൂക്കിയെടുത്തു ആ പുലയിയുടെ പുറത്തു അടിച്ചു. അതിനോടെ അവൾ വയറു തല്ലി കവിണ വീണ ഉടനെ പ്രസവവും കഴിഞ്ഞു...കയ്യിൽ കിട്ടിയതിനെ ഒക്കെ അവർ നറുങ്ങെ തല്ലി, നാലഞ്ചു കീടാങ്ങളെ എടുത്തു കാട്ടിലേക്കു എറിഞ്ഞു. ചുമടും ഇട്ടുകളഞ്ഞു ഓടിപോയവരെ മാത്രം. പിടി കിട്ടിയില്ല. അവരുടെ നെല്ലെല്ലാം പപ്പുവും കൂട്ടരും തട്ടിത്തൊഴിച്ചു കാട്ടിൽ ചിന്നിക്കളഞ്ഞു.
>
> (പുല്ലേലികുഞ്ചു 3839).

യഥാർത്ഥമായ ഈ ചിത്രീകരണം, ജന്തുക്കൾക്ക് തുല്യമായാണ് പുലയർ കണക്കാക്കപ്പെട്ടിരുന്നത് എന്ന ചരിത്രസത്യത്തിന് അടിവരയിടുന്നു. പ്രൊഫ സനൽ മോഹൻ കൂട്ടിചേർക്കുന്നതുപോലെ, 'കീഴാളലോകത്തിന്റെ ആധുനിക നിർമ്മിതിയെ കൃത്യമായി ആവിഷ്ക്കരിക്കാതിരിക്കുമ്പോഴും ജാതിഘടനയെ അടിസ്ഥാനമാക്കിയ മതസാമൂഹ്യക്രമം കീഴാളവിഭാഗത്തെ ക്രൂരമായി മർദ്ദിക്കുന്നതിന്റെ ഉദാഹരണം കൃത്വതയോടെ നോവലിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്.

(ഭാവനയുടെ കോളനികൾ 55).

ഇതിനുപുറമേ കീഴാളരുടെ ചരിത്രത്തെക്കുറിച്ചുള്ള ആകുലത പങ്കുവെക്കുന്നതിലൂടെ പുല്ലേലികുഞ്ചു' സമകാലീന പ്രസക്തിയുള്ള ഒരു കൃതിയായി മാറുന്നു. ചാന്നാർ ലഹളയെകുറിച്ച് നോവലിൽ വരുന്ന സൂചന രാമപ്പണിക്കർ ആണുന്നയിക്കുന്നത്. ആ ലഹളയ്ക്ക് എന്തു സംഭവിച്ചു എന്ന മട്ടിൽ കുഞ്ചുവിനോടുള്ള ഒരു അന്വേഷണമാണത്. അയാൾ ചോദിക്കുന്നു.

> 'പണ്ട് എരണി മുതലായ പ്രദേശങ്ങളിൽ ചാന്നാത്തികൾ മാറിൽ ശീല ഇട്ടു തുടങ്ങിയതിനെ പറ്റി വലിയ കലഹം ഉണ്ടായാറെ അതിന്റെ തീർച്ച എങ്ങിനെ ആയി എന്നു നീ കേട്ടിട്ടില്ലേ ? അതുപോലെതന്നെ എവിടേയും ക്രമമില്ലാത്ത ചട്ടങ്ങൾ നീക്കുവാൻ മനസ്സുള്ളവർക്ക് ഇക്കാലത്തു ഈശ്വരാധീനം കൊണ്ടു ഒരു പ്രയാസവുമില്ല.'
>
> (പുല്ലേലികുഞ്ചു 35).

ഇപ്രകാരമുള്ള സ്ഥലകാലബോധം ഉൽപാദിപ്പിക്കുന്നതിലൂടെ 'പുല്ലേലികുഞ്ചു'വിന് ഒരു മിഷനറി നോവൽ എന്നതിലുപരിയുള്ള ചരിത്രപ്രാധാന്യം കൈവരുന്നു.

'പുല്ലേലികുഞ്ചു' എന്ന കൃതിയുടെ രാഷ്ട്രീയം ക്രിസ്തുമതത്തിലധിഷ്ഠിതം ആണെങ്കിലും ഈ നോവൽ ജാതിവ്യവസ്ഥയ്ക്കും ഹിന്ദുമതത്തിനും നേരേ വാളെടുക്കുന്നു എന്ന വസ്തുത അതിനെ പുരോഗമനപരമാക്കുന്നു.

ഏകദേശം സമാനമായ നിലപാടുകൾ 'ഘാതകവധ'ത്തിലും 'സരസ്വതീവിജയ'ത്തിലും പ്രകടമാണ്. പക്ഷേ, ഹിന്ദുമതത്തിലെ ജാതിവിവേചനത്തെ ഏറ്റവും ശക്തവും യുക്തിഭദ്രവുമായി ആവിഷ്ക്കരിക്കുന്നത് 'പുല്ലേലികുഞ്ചു' വിലാണ് എന്നു കാണാൻ കഴിയും.

### സരസ്വതിവിജയം

ഒരു പരിധിവരെ ഉട്ടോപ്പിയൻ എന്നു തോന്നിക്കുന്ന കഥാഗതിയാണ് 'സരസ്വതീവിജയ'ത്തിന്റേത്. ജാതികൊലയ്ക്ക് ഇരയായി എന്ന് വിശ്വസിക്കപ്പെടുന്ന മരത്തൻ എന്ന പുലയയുവാവ് സിവിൽ കോടതി ജഡ്ജി ആയി മാറുന്നതും, തന്റെ തന്നെ കൊലക്കേസിലെ പ്രതിയായ കുബേരൻ നമ്പൂതിരിയെ കുറ്റവിമുക്തനായി വിധിക്കുന്നതുമാണ് നോവലിന്റെ ഇതിവൃത്തം. ഒരു കീഴാളൻ വിദ്യയിലൂടെ ജാതിവ്യവസ്ഥയെ തോൽപ്പിക്കുന്നതാണ് കഥാതന്തു. 'ഘാതകവധ'ത്തിലും 'പുല്ലേലികുഞ്ചു'വിലും ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനമാണ് അടിച്ചമർത്തപ്പെട്ടവനെ കൈപിടിച്ചുയർത്തുന്നതെങ്കിലും പ്രസ്തുത നോവലിൽ കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ശാക്തീകരണ പ്രഭാവത്തിനാണു നോവലിസ്റ്റ് മുൻതൂക്കം നൽകുന്നത്. 'സവർണ നവോത്ഥാനത്തോടു കലഹിക്കുന്ന നോവലാണ് 'സരസ്വതീവിജയം'. (ഭാവനയുടെ കോളനികൾ 19)

വിദ്യ നേടുന്ന മരത്തൻ സാമ്പ്രദായിക സാമൂഹികക്രമത്തിൽ അസാധ്യമെന്നു തോന്നിപ്പിക്കുന്ന ഒരു കുതിച്ചുചാട്ടം നടത്തുന്നു. മറ്റു രണ്ടു നോവലുകളിൽ ഇത്തരമൊരു ദ്രുതപുരോഗതി കാണാൻ സാധിക്കുന്നില്ല. മതപരിവർത്തനത്തിലൂടെ ക്രമേണ നിവർന്നുനില്ക്കാൻ പഠിക്കുന്ന കീഴാളന്റെ സ്ഥാനത്ത്, ജാതിഅധിഷ്ഠിതമായ സാമൂഹികവ്യവസ്ഥയെ തോൽപിക്കുന്നതിലൂടെ മരത്തൻ നോവലിന്റെ കർതൃസ്ഥാനത്തുതന്നെ നിലകൊള്ളുന്നു. മതപരിവർത്തനത്തിന്റെയും അതിലുപരി വിദ്യാഭ്യാസത്തിന്റെയും വിജയമാണ് ആ കീഴാളയുവാവിന്റെ സ്വപ്നതുല്യമായ പുരോഗതിയിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. കേവലം ക്ലാർക്കുമാരെ ഉല്പാദിപ്പിക്കാൻ ലക്ഷ്യം വെച്ചുള്ളതായിരുന്നു കോളോണിയൽ മിഷനറി വിദ്യാഭ്യാസമെങ്കിലും നൂറ്റാണ്ടുകളായി ജാതിവ്യവസ്ഥയുടെ കീഴിൽ അറിവു നിഷേധിക്കപ്പെട്ടിരുന്ന ഒരു ജനതയ്ക്ക് അതെപ്രകാരമാണ് അനുഗ്രഹമായി വർത്തിച്ചതെന്ന വസ്തുതയാണ് സരസ്വതീവിജയം അടിവരയിടുന്നത്.

കീഴാളജീവിതത്തിന്റെ രണ്ടറ്റങ്ങളായ യാഥാർത്ഥ്യവും ഫാന്റസിയും 'സരസ്വതീവിജയ'ത്തിൽ കാണാം. ജാതിവ്യവസ്ഥയുടെ നഖങ്ങൾ കൊണ്ടുകയറി ശരീരംപോലെ മനസും കീറിപ്പറിഞ്ഞ അടിച്ചമർത്തപ്പെട്ടവന്റെ ദൈന്യാവസ്ഥയും അവൻ വിദ്യയിലൂടെ പ്രസുദ്ധതയും സ്വാതന്ത്ര്യവും നേടി ശാക്തീകരിക്കപ്പെടുന്നതായ ഒരു ഉട്ടോപ്പിയൻ സങ്കല്പവും, ദൈന്യാവസ്ഥയെ കുറിക്കുന്ന ആദ്യഘട്ടത്തിലാണ് മരത്തൻ നേരിടുന്ന ക്രൂരമർദ്ദനവും തുടർന്നുള്ള തിരോധാനവും നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. പൊതുസ്ഥലത്ത് പാട്ടുപാടി എന്നതായിരുന്നു മരത്തൻ ചെയ്ത പാതകം! ദളിതന് മാറു മറയ്ക്കാൻ, കുട ചൂടാൻ, മൂക്കു കുത്താൻ എന്തിന് വഴി നടക്കാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് അവൻ ചെയ്തത് വലിയ തെറ്റായാണ് ജാതിതമ്പ്രാക്കൾ കണ്ടത്. മരത്തൻ അനുഭവിച്ച കൊടിയ മർദ്ദനവും, അവന്റെ കുടുംബത്തിനു നേരിടേണ്ടിവന്ന കുടിയിറക്കലും ദളിതന്റെ ദൈന്യതയെ മാത്രമല്ല അസന്തുലിതമായ 19 ാം നൂറ്റാണ്ടിലെ സാമൂഹികക്രമത്തെയും സൂചിപ്പിക്കുന്നു. വെള്ളച്ചി എന്നു പേരുള്ള അവന്റെ അമ്മയും സഹോദരങ്ങളും മരത്തന്റെ തിരോധനത്തിനു ശേഷം നിരാലംബരായി തീരുന്നത് നോവലിലെ ഏറ്റവും സങ്കടകരമായ കാഴ്ചയാണ്. 'സാമൂഹ്യമായ ഉച്ചനീചത്വങ്ങളുടെ ഹൃദയസ്പൃക്കായ വിവരണങ്ങൾ ഈ കൃതിയിൽ ധാരാളമുണ്ട്. പ്രകടമായ സാമൂഹ്യോദ്ദേശ്യത്തോടെ രചിച്ച നോവലിൽ അതുണ്ടായില്ലെങ്കിലേ അത്ഭുതമുള്ളു. (ആദ്യകാല മലയാള നോവൽ 87)

മരത്തനെ പോലെ വെള്ളച്ചിക്കും കർതൃത്വം കൈവരുന്ന സന്ദർഭമുണ്ട് നോവലിൽ. മകന്റെ കൊലപാതകക്കേസിൽ രണ്ടാം സാക്ഷിയായി വിളിക്കപ്പെടുന്ന വെള്ളച്ചിയുടെ മൊഴി രേഖപ്പെടുത്തുന്നിടത്താണിത്. ഒരു കീഴാള സ്ത്രീയുടെ വാക്കുകൾക്ക് ഔദ്യോഗികരേഖയിൽ ഇടം കിട്ടുന്നതിലൂടെയാണ് ഈ കർത്തൃത്വസ്ഥാനലബ്ധി സംഭവിക്കുന്നത്. 'സരസ്വതീവിജയം' അക്കാലത്തെ ഉണരുന്ന സാമൂഹികബോധത്തിന്റെയും സ്വാതന്ത്ര്യതൃഷ്ണയുടെയും ദർപ്പണമാണ്. (മലയാള നോവൽ 19-ാം നൂറ്റാണ്ടിൽ)

ദിലീപ് മേനോന്റെ വീക്ഷണത്തിൽ, 'പരമ്പരാഗത സമൂഹത്തിന്റെ ചലനരാഹിത്യത്തെ കൊളോണിയലിസം മുന്നോട്ടുവച്ച സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങളിൽ ഖണ്ഡിക്കുകയാണ് 'സരസ്വതീവിജയം'. (Caste and Colonial Modernity: Reading Saraswativijayam"302)

കേരളത്തിലെ ജാതിജഡിലമായ ഒരു കുഗ്രാമത്തിന്റെ ഇരുട്ടിൽനിന്നു മദ്രാസ് പോലൊരു നഗരത്തിന്റെ വെളിച്ചത്തിലേക്കുള്ള മരത്തന്റെ പ്രയാണം പ്രതീകാത്മകമായാണു നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. ജീർണ്ണിച്ച പൗരാണികതയുടെ തടവറയിൽ നിന്നുള്ള ദളിതന്റെ ആധുനികതയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലെ കീഴാളനോവലുകളിലെ ഗ്രാമനഗരദ്വന്ദത്തെ കുറിച്ച് ദിലീപ് മേനോന്റെ നിരീക്ഷണം ഇവിടെ പ്രാധാന്യമർഹിക്കുന്നു.

നഗരത്തെ anonymity യുടെയും mobility യുടെയും ഇടമായാണ് രണ്ടു നോവലുകൾ വീക്ഷിക്കുന്നത്. ഗ്രാമത്തെ ജാതിയുടെയും അസമത്വത്തിന്റെയും ഇടമായും ജാതിശ്രേണിയുടെ നിശ്ചലമായ തുടർച്ചയായും കാണുമ്പോൾ നഗരം transformation ന്റെ ഇടമാണ്.

നഗരം അനന്തമായ സാധ്യതയുടെ സ്ഥലമായും, modernity, anonymity, mobility എന്നിവയുടെ സംഗമസ്ഥാനമായും മാറുന്നു. (Early Novels in India, 62)

മരത്തന്റെ യാത്രയെക്കാളും കുബേരൻ നമ്പൂതിരിയുടെ ജീവിതത്തിലെ സംഭവവികാസങ്ങൾക്കാണ് നോവലിൽ കൂടുതൽ ഇടംകിട്ടുന്നത്. 'പാതിരിമാരോടൊപ്പമുള്ള മരത്തന്റെ ജീവിതം, പഠനകാലാനുഭവങ്ങൾ, മതപരിവർത്തനം ഇവയെപ്പറ്റിയൊക്കെ രണ്ടോ മൂന്നോ വാക്യങ്ങളിലാണ് സൂചിപ്പിക്കുന്നത്. അവയെല്ലാംകൂടി ചേർന്നാൽ ഒരു പേജുപോലും വരില്ല ബാക്കിഭാഗം മുഴുവനും നമ്പൂതിരിയുടെ, ബ്രാഹ്മണരുടെ ജീവിതാഖ്യാനമാണ്' (ഭാവനയുടെ കോളനികൾ 20). മരത്തനേക്കാളും കുബേരൻ നമ്പൂതിരിക്കു പ്രാധാന്യം ലഭിക്കുന്നു എന്ന വസ്തുത ഒരു കീഴാളരചന എന്ന നിലയിൽ ഈ നോവലിന്റെ പരിമിതിയാണ്. ഒരു കീഴാളൻ വിദ്യയാൽ പ്രബുദ്ധനായി മാറുന്ന കഥയിലും ഒരു വരേണ്യ കഥാപാത്രത്തിലേക്കു മുഴുവൻ ശ്രദ്ധയും നീളുന്നത്, ദളിത് കീഴാളപക്ഷ എഴുത്തുകാരന്റെ സംവേദനക്ഷമതയിൽ മുഖ്യധാരാ സാഹിത്യശാഖയുടെ സ്വാധീനമാണു പ്രകടമാക്കുന്നത്. എങ്കിലും മലയാളനോവലിൽ ചരിത്രത്തിലെ ആദ്യ ഘട്ടത്തിൽതന്നെ ജാതിവ്യവസ്ഥ ചോദ്യം ചെയ്യപ്പെട്ടു എന്ന വസ്തുതക്കുമുന്നിൽ ഇത് ഒരു പരിധിവരെ അപ്രസക്തമാകുന്നു. 'സവർണ്ണ നവോത്ഥാനബോധത്തിൽ നിന്നു വ്യത്യസ്തമായ ഒന്നായിരുന്നു സരസ്വതീവിജയം മുന്നോട്ടുവെച്ചത്. നോവൽ കീഴാള നവോത്ഥാനബോധത്തിനുതന്നെ പുതിയ മാനങ്ങൾ നൽകി. അത് കീഴാളനായ മരത്തനെയും നമ്പൂതിരിയായ കുബേരനെയും ഒരേ സമയം മനുഷ്യനാക്കുന്നു.' (ഭാവനയുടെ കോളനികൾ 27).

## ഉപസംഹാരം

ദിലീപ് മേനോൻ നിരീക്ഷിക്കുന്നതുപോലെ പത്തൊൻപതാം നൂറ്റാണ്ടിലെ കീഴാള നോവലുകളുടെ ആഖ്യാനത്തിൽ കേന്ദ്രസ്ഥാനം നിലവിലിരുന്ന അടിമത്തവ്യവസ്ഥയാണ്. 1860 കൾക്കും 1890 കൾക്കും ഇടയിലുള്ള കാലയളവിൽ എഴുതപ്പെട്ട ഈ നോവലുകളെ എഴുത്തുകാർ സ്ഥാനപ്പെടുത്തുന്നത്, ഇന്ത്യയിലെ അടിമത്തനിരോധന ഉത്തരവിനോടു ബന്ധപ്പെടുത്തിക്കൊണ്ടാണ്. ഈ വസ്തുതയെ സാധൂകരിക്കുന്ന പരാമർശം 'സരസ്വതീവിജയ'ത്തിലുണ്ട്. 'അടിമത്തം നീക്കംചെയ്ത ആക്ട് പാസ്സായിട്ട് അധികം കൊല്ലങ്ങൾ ആയെങ്കിലും ഇപ്പോഴും ഈ മർത്ത്യപുഴക്കൾ ഏതെങ്കിലും ഒരു ജന്മിയുടെ അടിമകളാകുന്നു'. ഇത്തരത്തിൽ നേരിട്ടുള്ള പരാമർശങ്ങളില്ലെങ്കിലും, 'ഘാതകവധം', 'പുല്ലേലികുഞ്ചു' എന്നീ നോവലുകളിലും അടിമത്തനിരോധന ഉത്തരവിന്റെ പ്രായോഗികമായ നടപ്പാക്കലിനുവേണ്ടിയുള്ള ആവശ്യപ്പെടൽ ആഖ്യാനത്തിന്റെ ഭാഗമാണ്.

## അടിമത്തത്തിനെതിരെയുള്ള നിലപാടിനൊപ്പം

അടിച്ചമർത്തപ്പെട്ടവന്റെ ചരിത്രത്തെ രേഖപ്പെടുത്തിയും ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തും അതിനു സദലായി ക്രിസ്തുമതത്തിലെ സ്നേഹത്തെയും സമത്വഭാവനയെയും

ഉയർത്തിക്കാണിച്ചുമാണ് പ്രസ്തുത നോവലുകളിലെ കഥാതന്തു വികസിക്കുന്നത്. നൂറ്റാണ്ടുകൾ നീണ്ട സവർണാധിപത്യത്തിനെതിരെ നേർത്തതും കനപ്പെട്ടതുമായ പലതരം പ്രതികരണങ്ങൾ ഉയർന്നുവന്ന പത്തൊൻപതാം നൂറ്റാണ്ടിൽ സാഹിത്യത്തിലൂടെയും ഇത്തരം സഭൽസ്വരം കേട്ടുതുടങ്ങിയത് യാദൃശ്ചികതയല്ല. കോളനിവത്കരണത്തിലൂടെയും അതിന്റെ ഭാഗമായി ക്രിസ്ത്യൻ മതപരിവർത്തനത്തിലൂടെയും പാശ്ചാത്യസംസ്കാരത്തിന്റെ ഇടപെടൽ പ്രാദേശികതലത്തിൽ അനുരണനങ്ങൾ സൃഷ്ടിച്ചതിന്റെ പരിണിതഫലമായിരുന്നു ഈ എതിർസ്വരങ്ങൾ. മാറുമറയ്ക്കൽ സമരം, അടിമത്ത നിരോധന ഉത്തരവ്, കൃഷിയുടെ വ്യാവസായികവല്ക്കരണം, ഭൂവുടമാസമ്പ്രദായത്തിലെ മാറ്റങ്ങൾ തുടങ്ങിയ പത്തൊൻപതാം നൂറ്റാണ്ടിലെ ചരിത്രപരമായ സവിശേഷതകളിൽ സ്വാധീനങ്ങളുടെ ഭാഗധേയം നിർണയാകമാണ്.

ഇരുണ്ട പാരമ്പര്യത്തിനും സാമാന്യേന വെളിച്ചമുള്ളതായ നവോത്ഥാനകാലഘട്ടത്തിനും ഇടയിലുള്ള ഒരു പരിവർത്തനകാലയളവിലാണ് കീഴാള പരിപ്രേക്ഷ്യത്തെ മുൻനിർത്തി വിശകലനം ചെയ്ത മൂന്ന് നോവലുകളും എഴുതപ്പെട്ടത്. സമൂഹത്തിനാകെയും വ്യക്തിബോധത്തിനും ഘടനപരമായി പിറവിയെടുത്ത മാറ്റങ്ങളെ അടയാളപ്പെടുത്തുന്നുണ്ടിവിടെ. മൃഗതുല്യരായി പരിഗണിക്കപ്പെട്ടിരുന്ന അടിമജാതിക്കാർക്കുണ്ടായിവന്ന സ്വത്വവിചാരം, അവരെക്കുറിച്ച് മേൽജാതികളിലെ ഉല്പതിഷ്ണുക്കൾക്കുണ്ടായ തിരിച്ചറിവ്, സ്നേഹത്തെക്കുറിച്ചും മാനവികതയെക്കുറിച്ചും വാതോരാതെ സംസാരിക്കുന്ന ക്രിസ്തുമതത്തിലെ ചില വരേണ്യ കൊളോണിയൽസഭകളിലെ മനോഭാവം തുടങ്ങിയ സമകാലിക സംഭവവികാസങ്ങളെ ഈ നോവലുകൾ സംബോധന ചെയ്യുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലെ കീഴാളപരിപ്രേക്ഷ്യത്തിൽ എഴുതപ്പെട്ട പ്രസ്തുത നോവലുകളെക്കുറിച്ചുള്ള പഠനം, ആ കൃതികളെ സൃഷ്ടിച്ച ചരിത്ര സാഹചര്യങ്ങളെയും സമൂഹമനസ്സിനെയും അപഗ്രഥിക്കാൻ സഹായകമാണ്.

## സഹായക ഗ്രന്ഥങ്ങൾ

മിസ്സിസ് റിച്ചാർഡ് കോളിൻസ് (2013), ഘാതകവധം, രണ്ടാം പതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

പോത്തേരി കുഞ്ഞമ്പു (2013), സരസ്വതീവിജയം, രണ്ടാം പതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ആർച്ച് ഡീക്കൻ കോശി, (2013), പുല്ലേലികുഞ്ചു, രണ്ടാം പതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ഒ. ചന്തുമേനോൻ (2018), ഇന്ദുലേഖ, നാലാം പതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ഡോ. ജോർജ്ജ് ഇരുമ്പയം, (2010), ആദ്യകാല മലയാള നോവൽ, മൂന്നാം പതിപ്പ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

ഡോ. ജോർജ്ജ് ഇരുമ്പയം, (2012), ആദ്യകാല മലയാള നോവൽ, പത്തൊമ്പതാം നൂറ്റാണ്ടിൽ, രണ്ടാം പതിപ്പ്, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

എൻ. സന്തോഷ്കുമാർ (2012), അജ്ഞാനദേശങ്ങളുടെ ആഖ്യാനങ്ങൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

പ്രദീപൻ പാമ്പിരിക്കുന്ന് (2019), കാലം എന്ന വെളിച്ചം, ഭാവനയുടെ കോളനികൾ ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

എസ്.എസ്. ശ്രീകുമാർ (2019), ഘാതകവധം: ചരിത്രവും രാഷ്ട്രീയവും, ഭാവനയുടെ കോളനികൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

സനൽ മോഹൻ (2019), പുല്ലേലികുഞ്ചു: പുതിയ മനോഘടനയുടെ സങ്കീർണ്ണതകൾ, ഭാവനയുടെ കോളനികൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

എ.ടി. മോഹൻ രാജ് (2019), ബ്രാഹ്മണ്യത്തിനു തീ കൊളുത്തിയ നോവൽ, ഭാവനയുടെ കോളനികൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

Dilip Menon, “No Not the Nation: Lower Caste Malayalam Novels of the Nineteenth Century”, Early Novels in India, ed. Meenakshi Mukherjee, Sahitya Akademi : New Delhi.

Dilip Menon, “Caste and Colonial Modernity : Reading Saraswativijayan”, studies in History, 13/2, 1997.